"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയംഭരണം-പഞ്ചായത്ത് വകുപ്പ്-ജീവനക്കാര്യം-എറണാകുളം ജില്ലയിലെ ചേരാനല്ലൂർ ഗ്രാമപഞ്ചായത്തിലെ മുൻ അക്കൗണ്ടന്റ് ശ്രീമതി.കെ.ജയകലയ്ക്ക് കെ.എസ്.ആർ. ഭാഗം I, ചട്ടം 88 പ്രകാരം ശൂന്യവേതനാവധി അനുവദിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്

സ.ഉ.(സാധാ) നം.2652/2022/LSGD തീയതി,തിരുവനന്തപുരം, 01-11-2022

പരാമർശം:-
1. 14.06.1994ലെ 36/94/ധന നമ്പർ സർക്കുലർ.
2. സ.ഉ(പി)നം.110/13/ധന തീയതി 01.03.2013.
3. ശ്രീമതി.കെ.ജയകലയുടെ 17.09.2022ലെ ശൂന്യവേതനാവധിയപേക്ഷ.
4. പഞ്ചായത്ത് ഡയറക്ടറുടെ 03.09.2018 ലെ ഇ13-17446/2018, 27.09.2022 ലെ ഇ13-10343/2021 എന്നീ നമ്പർ കത്തുകൾ.

## ഉത്തരവ്

എറണാകുളം ജില്ലയിലെ ചേരാനല്ലൂർ ഗ്രാമപഞ്ചായത്തിലെ മുൻ അക്കൗണ്ടന്റ് ശ്രീ മതി .കെ.ജയകലയ്ക്ക് 28.05.2012 മുതൽ 21.04.2013 വരെ ശൂന്യവേതനാവധി അനുവദിക്കണമെന്നാവശ്യപ്പെട്ട് പരാമർശം ( 3 ) പ്രകാരം സമർപ്പിച്ച അപേക്ഷ പഞ്ചായത്ത് ഡയറക്ടർ പരാമർശം (4) പ്രകാരം സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2. ശ്രീ മതി .കെ.ജയകല, 25.05.1996 ൽ സേവനത്തിൽ പ്രവേശിച്ചു. ടിയാൾ ജവാന്റെ ഭാര്യയാണെന്നും ഏക മകളെ തനിച്ചാക്കി ജോലിയ്ക്ക് പോകാനുള്ള ബുദ്ധിമുട്ടും കണക്കിലെടുത്ത് 330 ദിവസത്തേക്ക് ശൂന്യവേതനാവധി അനുവദിക്കണമെന്ന് അപേക്ഷിച്ചിരിയ്ക്കുന്നു. ടിയാൾക്ക് ചേരാനല്ലൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി 28.05.2012 മുതൽ 24.09.2012 വരെ ശൂന്യവേതനാവധി അനുവദിക്കുകയും തുടർന്ന് ടിയാൾ സേവനത്തിൽ പ്രവേശിക്കാതെ 7 മാസത്തേക്ക് കൂടി അവധിക്ക് അപേക്ഷിക്കുകയും ചെയ്തു. 120 ദിവസത്തിൽ കൂടുതൽ അവധി അനുവദിക്കുവാൻ നിയമനാധികാരിക്ക് അധികാരം ഇല്ലാത്തതിനാൽ ടിയാൾക്ക് ചേരാനല്ലൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി 28.05.2012 മുതൽ 24.09.2012 വരെ അനുവദിച്ച 90 ദിവസത്തെ ശൂന്യവേതനാവധി റദ്ദ് ചെയ്തിട്ടുണ്ട് .

3 . സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു . എറണാകുളം ജില്ലയിലെ ചേരാനല്ലൂർ ഗ്രാമപഞ്ചായത്തിലെ മുൻ അക്കൗണ്ടന്റ് ശ്രീ മതി .കെ.ജയകലയ്ക്ക് പരാമർശം (2) ഉത്തരവ് പ്രകാരം 28.05.2012 മുതൽ 21.04.2013 വരെ കെ . എസ്.ആർ, ഭാഗം I, ചട്ടം 88 പ്രകാരം ടി കാലയളവ്, ഇൻക്രിമെന്റ്, ഹയർ ഗ്രേഡ്, പെൻഷൻ, ആർജ്ജിതാവധി എന്നിവക്ക് പരിഗണിക്കുന്നതല്ല എന്ന വ്യവസ്ഥയിൽ ശൂന്യവേതനാവധി അനുവദിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഷൈജ സി ജി

ഡെപ്യൂട്ടിസെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം (പഞ്ചായത്ത് ഡയറക്ടർ മുഖേന).

സെക്രട്ടറി, ചേരാനല്ലൂർ ഗ്രാമപഞ്ചായത്ത്, എറണാകുളം(പഞ്ചായത്ത് ഡയറക്ടർ മുഖേന).

ശ്രീമതി.കെ.ജയകല, അക്കൗണ്ടന്റ്, ചേരാനല്ലൂർ ഗ്രാമപഞ്ചായത്ത്, എറണാകുളം(പഞ്ചായത്ത് ഡയറക്ടർ മുഖേന)

ഇൻഫർമേഷൻ ആൻഡ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ) വകുപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം.

ഓഫീസ് പകർപ്പ്/കരുതൽ ഫയൽ.(261/ഇപിഎ1/2018/തസ്വഭവ നമ്പർ ഫയലിലേക്ക്)

ഉത്തരവിൻ പ്രകാരം

Signed by Danuja M S

Date: 01-11-2022 14:41:43

സെക്ഷൻ ഓഫീസർ